2026
NOVEMBER
11
WEDNESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

എണ്ണ ഇറക്കുമതിക്കായി സ്വന്തമായി ടാങ്കറുകൾ വാങ്ങാൻ ഇന്ത്യൻ ഓയിൽ



ന്യൂദൽഹി: പശ്ചിമേഷ്യൻ സംഘർഷങ്ങളും ചരക്കുകൂലി വർദ്ധനവും കാരണം കപ്പൽവാടക നാലിരട്ടിയായി ഉയർന്നതോടെ, ഇറക്കുമതിക്കായി സ്വന്തം ടാങ്കറുകൾ വാങ്ങാൻ തീരുമാനിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. ക്രൂഡ് ഓയിലും എൽ.പി.ജിയും സുരക്ഷിതമായി രാജ്യത്തെത്തിക്കാനും ഗതാഗത ച്ചെലവ് കുറയ്ക്കാനും ലക്ഷ്യമിട്ടാണ് നീക്കം. സ്വന്തമായി ടാങ്കർ കപ്പലുകൾ വാങ്ങുന്നതിനായി കമ്പനി ടെൻഡറുകൾ ക്ഷണിച്ചു കഴിഞ്ഞു.

'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തി രാജ്യത്തുതന്നെ കപ്പലുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകളും ഇന്ത്യൻ ഓയിൽ പരിശോധിക്കുന്നുണ്ട്. സാധാരണയായി ടണ്ണിന് 40 ഡോളറായിരുന്ന എൽ.പി.ജി ചരക്കുനീക്ക നിരക്ക് നിലവിൽ 160 മുതൽ 180 ഡോളർ വരെയായി ഉയർന്നിട്ടുണ്ട്.

വാടകക്കപ്പലുകൾക്ക് ബാരലിന് 810 ഡോളർ വരെ നൽകേണ്ടിവരുമ്പോൾ, സ്വന്തം കപ്പലുകളിലൂടെ തുക ഗണ്യമായി കുറയ്ക്കാൻ കഴിയും. ചരക്കുനീക്ക നിയന്ത്രണം സ്വന്തമാക്കുന്നതിനൊപ്പം ഇന്ധന സംഭരണശേഷിയും കമ്പനി വർദ്ധിപ്പിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തിൽ ക്രൂഡ് ആവശ്യകതയുടെ 55 ശതമാനവും റഷ്യയിൽ നിന്നാണ് ഇറക്കുമതി ചെയ്തത്. നിലവിൽ 39 ദിവസത്തേക്കുള്ള ക്രൂഡ് ശേഖരവും 20 ദിവസത്തേക്കുള്ള എൽ.പി.ജി ശേഖരവും കമ്പനി കരുതിവെച്ചിട്ടുണ്ട്. ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും രാജ്യത്തിന്റെ ഊർജ്ജസുരക്ഷ ഉറപ്പാക്കുകയാണ് ഈ തന്ത്രപരമായ മാറ്റത്തിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.



സ്വർണവില വർഷാവസാനത്തോടെ 46% വർധിക്കുമെന്ന് പ്രവചനം

മുംബൈ: ദീപാവലിക്ക് പിന്നാലെ ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിൽ സ്വർണത്തിന്റെയും വെള്ളിയുടെയും വിലയിൽ വൻ കുതിപ്പ്. 2026 അവസാനത്തോടെ അന്താരാഷ്ട്ര വിപണിയിൽ സ്വർണവില 46 ശതമാനത്തിലധികം ഉയർന്ന് ഔൺസിന് 6,000 ഡോളറിലെത്തുമെന്നാണ് ആഗോള നിക്ഷേപ ബാങ്കായ ജെ.പി. മോർഗന്റെ പുതിയ പ്രവചനം. ഇതോടെ സ്വർണവില ഇനിയും കൈവിട്ടു പോകുമോ എന്ന ആശങ്കയും ചർച്ചകളും വിപണിയിൽ ശക്തമായിരിക്കുകയാണ്.

ഇന്നലെ ഇന്ത്യൻ വിപണിയിൽ പത്ത് ഗ്രാം 24 കാരറ്റ് സ്വർണത്തിന് 1,43,750 രൂപയായും വെള്ളിക്ക് കിലോഗ്രാമിന് 1,88,102 രൂപയായും വില ഉയർന്നു. അന്താരാഷ്ട്ര വിപണിയിൽ സ്പോട്ട് ഗോൾഡ് ട്രോയ് ഔൺസിന് 4,098 ഡോളറിന് മുകളിലും, വെള്ളിക്ക് 53 ഡോളറിന് മുകളിലുമാണ് നിലവിലെ വ്യാപാരം.

യു.എസ് ഡോളറിന്റെ മൂല്യത്തിലുണ്ടായ ഇടിവ്, പലിശനിരക്കിലെ മാറ്റങ്ങൾ, ആഗോള സാമ്പത്തിക അനിശ്ചിതത്വങ്ങൾ, വിവിധ രാജ്യങ്ങളുടെ കേന്ദ്ര ബാങ്കുകൾ സ്വർണം വാങ്ങിക്കൂട്ടുന്നത് എന്നിവയാണ് വിലക്കയറ്റത്തിന് പ്രധാന കാരണം. എന്നാൽ, വില ഇനിയും കൂടുമെന്ന വാർത്തകൾ കണ്ട് ഒറ്റയടിക്ക് വലിയ തുക സ്വർണത്തിൽ നിക്ഷേപിക്കുന്നത് ഒഴിവാക്കുകയാണ് നല്ലതെന്നും വിപണി നിരീക്ഷകർ മുന്നറിയിപ്പ് നൽകുന്നു. വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് ഘട്ടംഘട്ടമായി മാത്രം പണം മുടക്കുക.

പുതിയ ആഭരണങ്ങൾ വാങ്ങുന്നവർ സ്വർണവിലയ്ക്ക് പുറമെ പണിക്കൂലിയും നികുതിയും ഉൾപ്പെടെയുള്ള തുകയും കൂടി വരുന്നുണ്ടെന്ന് പ്രത്യേകം ശ്രദ്ധിക്കുക.

അന്താരാഷ്ട്ര പ്രവചനങ്ങൾ മാത്രമാണിതെന്നും, വിപണിയിലെ സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് വിലയിലും മാറ്റങ്ങൾ വരാമെന്നും തിരിച്ചറിഞ്ഞ് മാത്രം തീരുമാനങ്ങളെടുക്കുക.



സിറ്റി ഗ്രൂപ്പ് നിഫ്റ്റി ലക്ഷ്യം 28,000 ആയി പുതുക്കി

മുംബൈ: ഓഹരി വിപണി സൂചികയായ നിഫ്റ്റിയുടെ 2027 അവസാനത്തോടെയുള്ള ലക്ഷ്യം വിദേശ ബ്രോക്കറേജ് സ്ഥാപനമായ സിറ്റി റിസർച്ച് 26,000ൽ നിന്ന് 28,000 ആയി ഉയർത്തി. നിലവിലെ 24,986.40 എന്ന നിലവാരത്തിൽ നിന്ന് ഏകദേശം 12 ശതമാനം വളർച്ചയാണ് ഇത് സൂചിപ്പിക്കുന്നത്.

2026-2028 സാമ്പത്തിക വർഷങ്ങളിൽ നിഫ്റ്റി കമ്പനികളുടെ കോർപ്പറേറ്റ് വരുമാനത്തിൽ പ്രതിവർഷം 15-16 ശതമാനം സംയോജിത വാർഷിക വളർച്ച ഉണ്ടാകുമെന്ന് സിറ്റി പ്രതീക്ഷിക്കുന്നതായി ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്യുന്നു. ജൂൺ പാദത്തിലെ വളർച്ചാ തരംഗം സെപ്റ്റംബർ പാദത്തിലും തുടരുമെന്നാണ് വിലയിരുത്തൽ. ക്രൂഡ് ഓയിൽ വില കുറയുന്നത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്കും കോർപ്പറേറ്റ് വരുമാനത്തിനും വലിയ പിന്തുണ നൽകും. എണ്ണവിലയിൽ ഉണ്ടാകുന്ന 10 ഡോളറിന്റെ കുറവ് ഇന്ത്യയുടെ കറന്റ് അക്കൗണ്ട് കമ്മി 30-40 ബേസിസ് പോയിന്റ് കുറയ്ക്കാനും, പണപ്പെരുപ്പം 50 ബേസിസ് പോയിന്റ് താഴ്ത്താനും, നിഫ്റ്റിയുടെ പ്രതിയോഹരി വരുമാനം 2 ശതമാനം വർദ്ധിപ്പിക്കാനും സഹായിക്കും.

ബിസ്കറ്റ് വിപണിയിൽ 'യുദ്ധം'; ബ്രിട്ടാനിയയെ ലക്ഷ്യമിട്ട് റിലയൻസ്



ന്യൂദൽഹി: ടെലികോം വിപണിയിൽ ജിയോയിലൂടെയും സോഫ്റ്റ് ഡ്രിങ്ക് വിപണിയിൽ കാമ്പ കോളയിലൂടെയും വൻ അട്ടിമറി നടത്തിയ മുകേഷ് അംബാനിയുടെ റിലയൻസ്, അടുത്തതായി ലക്ഷ്യമിടുന്നത് ഇന്ത്യയിലെ 55,000 കോടി രൂപയുടെ ബിസ്കറ്റ് വിപണി.

ഇന്ത്യൻ അടുക്കളകളിലും ചായമേശകളിലും പതിറ്റാണ്ടുകളായി ആധിപത്യം പുലർത്തുന്ന ബിസ്കറ്റ് വിപണിയിൽ വൻ മാറ്റങ്ങൾക്കാണ് അണിയറയിൽ കളമൊരുങ്ങുന്നത്. എഫ്എംസിജി മേഖലയിൽ ആധിപത്യം ഉറപ്പിക്കാനുള്ള റിലയൻസിന്റെ നീക്കവും, പരമ്പരാഗത വിപണി വിഹിതം സംരക്ഷിക്കാനുള്ള ബ്രിട്ടാനിയ ഇൻഡസ്ട്രീസിന്റെ പ്രതിരോധവും വരും ദിവസങ്ങളിൽ ഇന്ത്യയിലെ റീട്ടെയിൽ വിപണിയുടെ ഘടന തന്നെ മാറ്റിമറിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

ബിസ്കറ്റിൽ ബ്രിട്ടാനിയയുടെ വിപണി വിഹിതം ഏകദേശം 32 ശതമാനവും പാർലെയുടേത് 29 ശതമാനവും ഐടിസിയുടേത് 11 ശതമാനവുമാണ്.

ആ വിപണിയിലേക്കാണ് 'ഇൻഡിപെൻഡൻസ്' എന്ന ബ്രാൻഡിന് കീഴിൽ റിലയൻസ് വിപുലമായ ബിസ്കറ്റ് ശ്രേണിയുമായി രംഗത്തിറങ്ങുന്നത്. ശ്രീലങ്കൻ ബിസ്കറ്റ് നിർമ്മാതാക്കളായ 'മാലിബാനുമായുള്ള' പങ്കാളിത്തത്തിന് പുറമെ, ഇൻഡിപെൻഡൻസ് ബ്രാൻഡിൽ ഒമ്പത് വേരിയന്റുകളിലായി 28 ഉൽപ്പന്നങ്ങളാണ് റിലയൻസ് വിപണിയിലിറക്കിയിരിക്കുന്നത്.

പവർ അപ്പ്, ബട്ടർ ബ്ലിസ്സ്, മിൽക്കി പവർ, മാരി പ്രൈം, ക്രീം യം, ഗ്ലൂക്കോസ് ബൂസ്റ്റ് തുടങ്ങിയ പേരുകളിലാണ് ഈ ഉൽപ്പന്നങ്ങൾ എത്തുന്നത്. തമിഴ്നാട്ടിൽ വിതരണവും നിർമ്മാണ ശേഷിയും വർധിപ്പിച്ച് തുടങ്ങിയ നീക്കം ഉടൻ രാജ്യമൊട്ടാകെ വ്യാപിപ്പിക്കാനാണ് റിലയൻസിന്റെ പദ്ധതി.

കാമ്പ കോളയുമായി സോഫ്റ്റ് ഡ്രിങ്ക്സ് വിപണിയെ ഇളക്കിയ റിലയൻസിന്റെ കടന്നുവരവ് ബിസ്കറ്റ് വിപണിയിൽ വലിയൊരു പ്രൈസ് വാറിനാകും വഴിവെക്കുക. പ്രമുഖ ബ്രാൻഡുകളേക്കാൾ കുറഞ്ഞ വിലയ്ക്ക് വരെ റിലയൻസ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കിയേക്കുമെന്നാണ് പുറത്തുവരുന്നവിവരം.

റിലയൻസിന്റെ ഈ നീക്കത്തെ പ്രതിരോധിക്കാൻ ബ്രിട്ടാനിയ, പാർലെ തുടങ്ങിയ മുൻനിര കമ്പനികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കാനോ, അതേ വിലയ്ക്ക് കൂടുതൽ അളവ് നൽകാനോ നിർബന്ധിതരാകേണ്ടി വരും. അഞ്ച് രൂപ, പത്ത് രൂപ നിരക്കിലുള്ള പാക്കറ്റുകളിൽ കമ്പനികൾ തമ്മിലുള്ള മത്സരവും കടുക്കും.

എന്നാൽ കാമ്പ കോളയിലൂടെ സോഫ്റ്റ് ഡ്രിങ്ക് വിപണിയിൽ റിലയൻസ് നടത്തിയ വിലക്കിഴിവ് തന്ത്രം ബിസ്കറ്റ് മേഖലയിൽ അത്ര എളുപ്പമാകില്ല. കാരണം, ഇന്ത്യൻ ബിസ്കറ്റ് വിപണിയുടെ വലിയൊരു പങ്കും നിലവിൽത്തന്നെ അഞ്ച് രൂപ, പത്ത് രൂപ നിരക്കുകളിലാണ് പ്രവർത്തിക്കുന്നത്. ബ്രിട്ടാനിയ സിഇഒയും എംഡിയുമായ രക്ഷിത് ഹർഗാവെ ഇത് വ്യക്തമാക്കുകയും ചെയ്തു.

കോള വിപണിയിൽ 510 രൂപ കിഴിവ് നൽകി വിപ്ലവം സൃഷ്ടിക്കുന്നത് പോലെ എളുപ്പമല്ല ബിസ്കറ്റ് മേഖല. ഇവിടെ ഭൂരിഭാഗം കച്ചവടവും അഞ്ച് പത്ത് രൂപയുടെ പാക്കറ്റുകളിലാണ് നടക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

എൻഡോസൾഫാൻ ദുരിതബാധിതർക്കായി കാനായി ഒരുക്കിയ വിക്ടിംസ് ഫ്രീഡം ശില്പം 13ന് നാടിന് സമർപ്പിക്കും

കാസർഗോഡ്: പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ തന്റെ ജന്മ നാട്ടിൽ ഒരുക്കിയ 'വിക്ടിംസ് ഫ്രീഡം' ശില്പം നാടിന് സമർപ്പിക്കുന്നു. കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ ശില്പം 2026 നവംബർ 13ന് രാവിലെ 9.30ന് കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നാടിന് സമർപ്പിക്കും. കാസർകോടിനെ ദുരിതത്തിലാക്കിയ എൻഡോസൾഫാൻ ദുരന്തത്തെ പ്രമേയമാക്കിയാണ് 'വിക്ടിംസ്' എന്ന ശില്പം കാനായി കുഞ്ഞിരാമൻ നിർമ്മിച്ചിരിക്കുന്നത്. നിസ്സഹായനായ മനുഷ്യൻ സ്വാതന്ത്ര്യത്തിന്റെ ആകാശത്തേക്ക് കുതിച്ചുയരുന്നതിനെ ആവിഷ്കരിക്കുന്നതാണ് 'ഫ്രീഡം'എന്ന ശില്പം. മനുഷ്യ സ്വാതന്ത്ര്യത്തിന്റെ സന്ദേശമാണ് ഈ ശില്പങ്ങൾ വിഭാവനം ചെയ്യുന്നത്. 40 അടി ഉയരമുള്ള ക്യൂബിക് മോഡലിലാണ് ഈ കൂറ്റൻ ശില്പം നിർമ്മിച്ചിട്ടുള്ളത്. തന്റെ ജന്മനാടായ കാസർകോടിനായി യാതൊരു ലാഭേച്ഛയും കൂടാതെ കാനായി കുഞ്ഞിരാമൻ നിർമ്മിച്ച രണ്ട് കോൺക്രീറ്റ് ശില്പങ്ങളും അനുബന്ധ ലാൻഡ് സ്കേപ്പിംഗുമാണ് ഇപ്പോൾ നാടിനായി സമർപ്പിക്കുന്നത്. 2006ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതിയാണ് ഈ ശില്പനിർമ്മാണത്തിന് തുടക്കമിട്ടത്. തുടർന്നുണ്ടായ പ്രളയം, കോവിഡ് പ്രയാസങ്ങൾ, മറ്റ് ചില സാങ്കേതിക തടസ്സങ്ങൾ എന്നിവ കാരണമാണ് പദ്ധതി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടത്. 89 ാം വയസ്സിലും തന്റെ ശാരീരികമായ അവശതകൾ വകവെക്കാതെയാണ് ശില്പി കാനായി കുഞ്ഞിരാമൻ ഈ ശ്രമകരമായ ദൗത്യം പൂർത്തിയാക്കിയത്.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാബു അബ്രഹാം സ്വാഗതം ആശംസിക്കും. കല്ലട്ര മാഹിൻ ഹാജി എം.എൽ.എ അധ്യക്ഷത വഹിക്കും ചടങ്ങിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. ബിജു റിപ്പോർട്ട് അവതരിപ്പിക്കും. രാജ്മോഹൻ ഉണ്ണിത്താൻ എംപി മുഖ്യാതിഥിയായി പങ്കെടുക്കും. എം.എൽ.എമാരായ കെ. നീലകണ്ഠൻ, ഗോവിന്ദൻ പള്ളിക്കാപ്പിൽ, എ.കെ.എം. അഷ്റഫ്, സന്ദീപ് വാര്യർ എന്നിവരും ജില്ലാ കളക്ടർ ശ്രീ ധന്യ സുരേഷ്, ജില്ലാ പോലീസ് മേധാവി പി.നിതിൻ രാജ് ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, രാഷ്ട്രീയസാമൂഹിക രംഗത്തെ പ്രമുഖർ എന്നിവർ ചടങ്ങിൽ സംസാരിക്കും. 2006 മുതൽ ഇതുവരെ യുള്ള ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, ശിൽപ, ചിത്രകല, സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിവർ ചടങ്ങിൽ പങ്കെടുക്കും. പരിപാടിയുടെ വിജയത്തിനായി വിപുലമായ സംഘാടകസമിതി രൂപീകരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സാബു അബ്രഹാം ചെയർമാനും ജില്ലാ പഞ്ചായത്ത് സെക്രട്ടറി എസ്.ബിജു ജനറൽ കൺവീനറുമായാണ് സംഘാടകസമിതി രൂപീകരിച്ചത്. പ്രോഗ്രാം, സ്വീകരണം തുടങ്ങിയ ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്.



ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ നടന്ന സംഘാടകസമിതിയുടെ യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാബു അബ്രഹാം അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ സോയ, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഇർഫാന ഇക്ബാൽ, പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഓക്ലാവ് കൃഷ്ണൻ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം.മനു, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ റീന തോമസ്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എസ്.ബിജു മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി.പി. ശ്യാമളാദേവി, മുതിർന്ന മാധ്യമ പ്രവർത്തകൻ വി.വി പ്രഭാകരൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ, സാംസ്കാരിക പ്രവർത്തകൻ നാഷണൽ അബ്ദുള്ള തുടങ്ങിയവർ സംസാരിച്ചു.



എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ രക്ഷകർത്തൃ ശാക്തീകരണം; ദിശ 2026ന് തുടക്കമായി

കാഞ്ഞങ്ങാട്: ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന രക്ഷകർത്തൃ ശാക്തീകരണ പരിപാടിയായ ദിശ 2026ന് തുടക്കമായി. പരിപാടിയുടെ ആദ്യഘട്ടമായി ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ പ്രതിനിധികൾക്കും പഞ്ചായത്ത് പ്രതിനിധികൾക്കുമായി സംഘടിപ്പിച്ച ജില്ലാതല ഓറിയന്റേഷൻ പ്രോഗ്രാം ജില്ലാ കളക്ടർ ശ്രീധന്യ സുരേഷ് ഉദ്ഘാടനം ചെയ്തു.

ജില്ലാ സാമൂഹ്യനീതി ഓഫീസർ എ.സേവ്യർ അധ്യക്ഷത വഹിച്ചു. സ്പെഷ്യൽ സെൽ ഫോർ റിഹാബിലിറ്റേഷൻ ഓഫ് എൻഡോസൾഫാൻ വിക്ടിംസ് ഡെപ്യൂട്ടി കലക്ടർ രാരാരാജ് ചടങ്ങിൽ സംസാരിച്ചു.

രക്ഷകർത്തൃ ശാക്തീകരണ പരിപാടിയുടെ ഭാഗമായി നടന്ന ക്ലാസിന് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് ജില്ലാ കോർഡിനേറ്റർ എം.എസ്. സാവിത്രി നേതൃത്വം നൽകി. കേരള സാമൂഹ്യ സുരക്ഷാ മിഷൻ റീജിയണൽ ഡയറക്ടർ ഡോ. പി.പി. സൗമ്യ സ്വാഗതവും കാഞ്ഞങ്ങാട് വയോമിത്രം കോഓർഡിനേറ്റർ സി.രാജേഷ് നന്ദിയും പറഞ്ഞു.

എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമം ഉറപ്പാക്കുകയാണ് ദിശ 2026ന്റെ ലക്ഷ്യം. രക്ഷകർത്താക്കളെ ശാക്തീകരിക്കുന്നതിനൊപ്പം വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപനം ശക്തിപ്പെടുത്തി ഭിന്നശേഷിക്കാർക്ക് കൂടുതൽ ഫലപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പരിപാടി ലക്ഷ്യമിടുന്നു.



സൊസൈറ്റി ടുഡേ
SOCIETY TODAY



ശബരിമല തീർത്ഥാടനം; എരുമേലി ഇടത്താളത്തിലെ മുന്നൊരുക്കങ്ങൾ വിലയിരുത്തി മന്ത്രി കെ മുരളീധരൻ

കോട്ടയം: ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ജില്ലയിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഒരാഴ്ചക്കുള്ളിൽ പൂർത്തിയാക്കുമെന്ന് ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ. എരുമേലി ഇടത്താവളത്തിലെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി എരുമേലി ദേവസ്വം ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയതായി നിർമാണം പൂർത്തിയാക്കിയ ഏരുമേലിയിലെ ഇടത്താവള സമുച്ചയത്തിൽ തീർഥാടകർക്ക് വിരി വയ്ക്കാൻ സൗകര്യമൊരുക്കുമെന്നും മന്ത്രി പറഞ്ഞു.

പാർക്കിംഗ് ഫീസും ഭക്ഷ്യ വസ്തുക്കളുടെ വിലയും അമിതമായി ഈടാക്കുന്നതു തടയാൻ കർശന നടപടിയുണ്ടാകും. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ആശുപത്രികളിൽ അടിയന്തര പരിശോധന നടത്തി സൗകര്യങ്ങൾ വിലയിരുത്താൻ നിർദേശിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

എരുമേലി ഇടത്താവള സമുച്ചയത്തിൽ ആയിരത്തോളം തീർഥാടകർക്ക് വിരി വയ്ക്കാനാവുമെന്നും സൗജന്യമായി വിരി വയ്ക്കാൻ സൗകര്യമൊരുക്കുമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ പറഞ്ഞു. താഴത്തെ നിലയിൽ അന്നദാനവും മുകളിലത്തെ നിലയിൽ വിരി വയ്ക്കാനുള്ള സൗകര്യവും ഒരുക്കുന്നതാണ് പരിഗണനയിൽ. ശുചീകരണത്തിനും വിശ്രമ കേന്ദ്രത്തിന്റെ നടത്തിപ്പിനുമായി ചുമതലക്കാരെ നിയോഗിക്കുമെന്നും ബോർഡ് പ്രസിഡന്റ് പറഞ്ഞു.

ഭക്ഷ്യ സുരക്ഷാ വകുപ്പ്, ലീഗൽ മെട്രോളജി, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ സ്കാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കും.

കെ. എസ് ആർ. ടി. സി. ഏരുമേലി ഡിപ്പോയിൽ നിന്ന് 25 ബസുകൾ പമ്പയിലേക്ക് ലഭ്യമാക്കും. സ്ഥിരം സർവീസുകൾ നവംബർ 15 ന് ആരംഭിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. തിരക്കു കണക്കിലെടുത്ത് ആവശ്യമെങ്കിൽ നവംബർ 13 മുതൽ സർവീസ് തുടങ്ങാനും സജ്ജമാണ്.

ഏരുമേലി കുടുംബാരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂർ സേവനം ഉറപ്പാക്കും. അഡീഷണൽ ഡോക്ടറുടെ സേവനവും ഉണ്ടാകും. എരുമേലിയിലെ 25 കിണറുകളിലെ ജലം പരിശോധനയ്ക്ക് ലാബിലേക്ക് അയച്ചിട്ടുണ്ട്. അടുത്താഴ്ച പ്രത്യേക ക്ലോറിനേഷൻ കാമ്പയിൻ നടത്തും. കാനന പാതയിൽ രാവിലെ എട്ടു മുതൽ അഞ്ചുവരെ മൊബൈൽ മെഡിക്കൽ സംഘത്തിന്റെ സേവനം ലഭ്യമാക്കും.

ജലാശയങ്ങളിലെ സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി അഗ്നിരക്ഷാ സേന കാളകെട്ടിയിലും അഴുതയിലും സ്കൂബാ സംഘങ്ങളുടെ സേവനം ലഭ്യമാക്കും.

എം.എൽ.എമാരായ റോണി കെ. ബേബി, എം.ജെ. സെബാസ്റ്റ്യൻ, ജില്ലാ കളക്ടർ ചേതൻ കുമാർ മീണ, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി എ. ഷമീർ, ഏരുമേലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സജീവൻ, സ്ഥിരം സമിതി അധ്യക്ഷൻ നാസർ പനച്ചി, കോരുത്തോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.എൻ. പീതാംബരൻ, ദേവസ്വം കമ്മിഷണർ ബി. സുനിൽ കുമാർ എന്നിവർ സംസാരിച്ചു. വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ, സാമുദായികസംഘടനാ പ്രതിനികൾ എന്നിവർ പങ്കെടുത്തു.

വിശ്വജ്യോതി എൻജിനിയറിംഗ് കോളജും എച്ച്എംടിയും ധാരണാപത്രം ഒപ്പുവച്ചു

മൂവാറ്റുപുഴ: വ്യവസായ അക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്നതിനും വിദ്യാർഥികൾക്ക് ആധുനിക സാങ്കേതികവിദ്യകളിൽ പ്രായോഗിക പരിജ്ഞാനം നേടുന്നതിന് അവസരമൊരുക്കുന്നതിനുമായി വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജും കളമശേരി എച്ച്എംടി മെഷീൻ ടൂൾസ് ലിമിറ്റഡും ധാരണാപത്രം ഒപ്പുവച്ചു.

ഇൻറേൺഷിപ്പുകൾ, വ്യവസായ സന്ദർശനങ്ങൾ, പ്രോജക്ടുകൾ എന്നിവയ്ക്കുള്ള അവസരങ്ങൾ ധാരണാപത്രത്തിന്റെ ഭാഗമായി വിദ്യാർഥികൾക്ക് ലഭിക്കും. അധ്യാപകർക്ക് വ്യവസായ മേഖലയിലെ പ്രവർത്തനങ്ങളെക്കുറിച്ച് നേരിട്ടറിയാനും വ്യവസായ വിദഗ്ധരുടെ പങ്കാളിത്തത്തോടെ പാഠ്യപദ്ധതി രൂപീകരിക്കാനും അവസരമൊരുങ്ങും.



എച്ച്എംടിയെ പ്രതിനിധീകരിച്ച് ജനറൽ മാനേജർ സെയിൽസ് എം.ഐ. മഹേഷ്, എച്ച്ആർ എൻജിനിയർ ആർ. കൃഷ്ണകുമാർ, കാർത്തിക വേണുഗോപാൽ, പ്രൊഡക്ഷൻ ഇൻചാർജ് എം. കാർത്തിക്, ജനറൽ ടെക്നിക്കൽ മാനേജർ സന്ദീപ് മുഖർജി, എൻജിനിയർ ട്രെയിനിംഗ് ഇൻചാർജ് കെ.ടി. അഖിൽ എന്നിവർ പങ്കെടുത്തു. കോളജിലെ മെക്കാനിക്കൽ വിഭാഗം മേധാവി ഡോ. കെ ഷണ്മുഖേഷ്, ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഇൻട്രാക്ഷൻ സെൽ കോഓർഡിനേറ്റർ ഡോ. എസ്. അരവിന്ദ്, അസിസ്റ്റൻറ് പ്രഫസർ ബി. നിബിൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



നക്ഷത്ര കിഡ്സ് ഫെസ്റ്റ് സമാപിച്ചു

ആലുവ: ക്രൈസ്തവ മഹിളാലയം പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ച കുരുന്നുകളുടെ നക്ഷത്ര കിഡ്സ് ഫെസ്റ്റ് 2026 സമാപിച്ചു. പട്ടുറുമാൽ റിയാലിറ്റി ഷോ താരം ദേവിക സുരേഷ് ഉദ്ഘാടനം ചെയ്തു. ഏഷ്യ ബുക്ക് ഓഫ് റിക്കാർഡ്സ് ജേതാവ് റഹീം റെഡ്സ് മുഖ്യാതിഥിയായി പങ്കെടുത്തു, വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

സ്കൂൾ ഡയറക്ടർ സി. എസ്. ജോണി, ഫിലിപ്പ് ചെറിയാൻ, എം എം സാജുഎന്നിവർ സംസാരിച്ചു. സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഇന്റർ സ്കൂൾ മത്സരത്തിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള കിൻറർഗാർട്ടൻ വിദ്യാർഥികളും അങ്കണവാടികളിൽ നിന്നുമുള്ള കൊച്ചുപ്രതിഭകളും പങ്കെടുത്തു.

എവർ റോളിംഗ് ട്രോഫി സൗത്ത് വാഴക്കുളം ജാമിയ ഹസാനിയ പബ്ലിക് സ്കൂളും ഫസ്റ്റ് റണ്ണർ അപ്പ് ട്രോഫി തൃരുത്തിപ്പിള്ളി സെൻറ് മേരീസ് പബ്ലിക് സ്കൂളും സെക്കൻഡ് റണ്ണർ അപ്പ് ട്രോഫി കാക്കനാട് നൈപുണ്യ പബ്ലിക് സ്കൂളും കരസ്ഥമാക്കി.



ഇന്റർസ്കൂൾ നീന്തൽ മത്സരത്തിൽ അങ്കമാലി വിശ്വജ്യോതിക്ക് ഓവറോൾ

അങ്കമാലി: രാജഗിരി ക്രിസ്തുജയന്തി പബ്ലിക് സ്കൂളിൽ നടന്ന ഇന്റർസ്കൂൾ നീന്തൽ മത്സരത്തിൽ അങ്കമാലി വിശ്വജ്യോതി സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

39 സ്വർണവും 26 വെള്ളിയും 22 വെങ്കല മെഡലുകളും നീന്തി നേടിയാണ് 393 പോയിന്റുകളോടെ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയത്.

വിവിധ ഗ്രൂപ്പുകളിൽ ഇന്ദ്രാണി എം. മേനോൻ, അലീന ജെറാൾഡ്, ഗൗരി ജയേന്ദ്രൻ, സാറ വിപിൻ, ജൊനാർത് സോബിൻ, ജെറെമിയാസ് സോബിൻ എന്നിവർ വ്യക്തിഗത ചാമ്പ്യന്മാരായി. 116 പോയിന്റ് വ്യത്യാസത്തോടെയാണ് വിശ്വജ്യോതി ഒന്നാം സ്ഥാനത്തെത്തിയത്.

ഇവിടെ നിന്നും 50 കുട്ടികളാണ് മത്സരത്തിൽ പങ്കെടുത്തത്. ചാമ്പ്യൻഷിപ്പ് നേടിയ വിശ്വജ്യോതി ടീമിനെയും പരിശീലകൻ അനിൽകുമാറിനെയും സ്കൂൾ മാനേജർ ഫാ. ഐസക് തറയിൽ, പ്രിൻസിപ്പൽ ഫാ. ജെയ്സൺ പരപ്പിള്ളി, വൈസ് പ്രിൻസിപ്പൽ ഷാലി ജോസ് തുടങ്ങിയവർ അനുമോദിച്ചു.

സൊസൈറ്റി ടുഡേ SOCIETY TODAY

ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ തീവ്രശ്രമം: മന്ത്രി മോൻസ് ജോസഫ്



പത്തനംതിട്ട: ജലവിഭവ വകുപ്പിനെ കാര്യക്ഷമമാക്കുകയും പ്രവർത്തനങ്ങൾ വ്യവസ്ഥാപിത സംവിധാനത്തിനു കീഴിലേക്ക് കൊണ്ടുവരികയുമാണ് ലക്ഷ്യമെന്ന് മന്ത്രി മോൻസ് ജോസഫ്. പത്തനംതിട്ടയിൽ ചേർന്ന അവലോകനയോഗത്തിനുശേഷം മാധ്യമ പ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജലഅതോറിറ്റിയെയും ജലസേചന വകുപ്പിനെയും കുറ്റമറ്റതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. അടിമുടി പുനഃസംഘടിപ്പിക്കും. 2021ൽ തുടങ്ങിയ ജൽജീവൻ പദ്ധതി കഴിഞ്ഞ രണ്ട് വർഷമായി പ്രവർത്തനങ്ങളെല്ലാം മുടങ്ങിക്കിടക്കുകയായിരുന്നു. ചിലയിടങ്ങളിൽ റോഡ് കുഴിച്ചും ചിലയിടങ്ങളിൽ റോഡിന്റെ അരികിലും പൈപ്പിട്ടിട്ടുണ്ട്. ടാങ്കുകളില്ല, അനുബന്ധ ഫിറ്റിംഗുകളില്ല, ജലസംഭരണത്തിന് വഴികളൊന്നുമില്ല. 450 ജോലികളാണ് പ്രതിസന്ധിയിലായത്.

കരാറുകാർക്ക് കുടിശിക കൊടുക്കാനുള്ളത് ആയിരക്കണക്കിന് കോടികൾ. ഇപ്പോൾ കുടിശികയുണ്ടായിരുന്നതിൽ 7000 കോടി കൊടുത്തു. 500 കോടി ലഭ്യമാക്കാനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. 1200 കോടി കുടിശിക കൂടി നൽകാനുണ്ടെന്നും മന്ത്രി വിശദമാക്കി.

പദ്ധതി തീർക്കാനുള്ള കാലാവധി കേന്ദ്രം 2028 വരെ നീട്ടിയിട്ടുണ്ടെങ്കിലും 2024ന് ശേഷം തുടർ പ്രവർത്തനത്തിന് അനുമതി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വകുപ്പ് തലത്തിലും മന്ത്രിതലത്തിലുമുള്ള ശ്രമങ്ങൾ തുടരുകയാണ്. മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ടാക്കി കേന്ദ്രത്തിൽ നിന്ന് ബാക്കിയുള്ള തുക നേടിയെടുക്കാനാണ് ശ്രമം. ഇതിന് കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച നടത്താനുള്ള നീക്കങ്ങൾ പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

കുടിവെള്ള വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ എംഎൽഎമാരുടെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രാദേശിക സമിതി രൂപീകരിക്കുമെന്ന് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. എംഎൽഎയുടെ സാന്നിധ്യമില്ലെങ്കിലും സ്ഥലത്തെ മുതിർന്ന ജനപ്രതിനിധി അദ്ധ്യക്ഷനാകുന്ന വിധത്തിൽ സ്റ്റാറ്റ്യൂട്ടറി ബോഡി രൂപീകരിക്കും. മാസത്തിലൊരിക്കൽ പ്രാദേശിക സമിതി യോഗം ചേർന്ന് പ്രശ്നങ്ങൾ വിലയിരുത്തും. പ്രാദേശിക സമിതിയിൽ പരിഹരിക്കാനാവാത്തത് മന്ത്രിതല സമിതിയുടെ പരിഗണനയ്ക്ക് കൈമാറും. ആറ് മാസത്തിലൊരിക്കൽ മന്ത്രിതല സമിതി യോഗം ചേരുമെന്നും മന്ത്രി വിശദമാക്കി.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങളും ജലഅതോറിറ്റി, ജലസേചനം, വൈദ്യുതി, തദ്ദേശ സ്വയംഭരണം, വനം വകുപ്പുകളിലെ ഉദ്യോഗസ്ഥരും സമിതിയിലുണ്ടാകും.

എംഎൽഎ സ്ഥലത്തില്ലെങ്കിൽ പ്രാദേശിക സമിതി യോഗം ചേരാനാവാത്ത സ്ഥിതിയുണ്ടാകരുത് എന്നതുകൊണ്ടാണ് നിയോജക മണ്ഡലത്തിലുള്ള ഏറ്റവും സീനിയറായിട്ടുള്ള ജനപ്രതിനിധിയുടെ അധ്യക്ഷതയിൽ യോഗം ചേരാവുന്ന വിധത്തിൽ സമിതി രൂപീകരിക്കുന്നത്. പ്രശ്നങ്ങൾ പ്രാദേശിക തലത്തിൽ തന്നെ തീർപ്പാക്കാനാകുന്നത് പരിഹരിക്കുക എന്നതാണ് സമിതി രൂപീകരിക്കുന്നതുകൊണ്ട് ലക്ഷ്യമാക്കുന്നതെന്നും മന്ത്രി മോൻസ് ജോസഫ് പറഞ്ഞു.

നദികളും ജലാശയങ്ങളും ശുദ്ധീകരിക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ടിൽ പത്തനംതിട്ടയെയും ഉൾപ്പെടുത്തുമെന്ന് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു.

ഇതുമായി ബന്ധപ്പെട്ട ജലസേചന വകുപ്പിന്റെ സഹകരണത്തോടെ തയാറാക്കിയിട്ടുള്ള പദ്ധതി റവന്യുമന്ത്രിയുമായി ആലോചിച്ച് നടപ്പാക്കും. പത്തനംതിട്ട ജില്ലയിലെ എല്ലാനദികളിലെയും നീരൊഴുക്ക് വർധിപ്പിക്കുകയാണ് ലക്ഷ്യം. ഇതിനായി മാലിന്യങ്ങളും മണ്ണും നീക്കം ചെയ്യും. ഉൾനാടൻ ജലാശയങ്ങളിലെ മാലിന്യങ്ങളും നീക്കി ശുചീകരിക്കേണ്ടതുണ്ട്. ഇതിനൊപ്പം കനാലുകളും മെച്ചപ്പെടുത്തും. കനാലുകളിലെ മണ്ണ് നീക്കി ജലമൊഴുക്ക് ഉറപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു.

കല്ലട ഇറിഗേഷൻ പദ്ധതി അടക്കമുള്ള കനാലുകൾ ശുചിയാക്കാനുള്ള പദ്ധതിയും രൂപീകരിക്കുന്നുണ്ട്. കനാലുകളും ഡാമുകളും നവീകരിച്ച് ടൂറിസവുമായി ബന്ധിപ്പിക്കാനാണ് പദ്ധതി. നദീതടങ്ങളിലെയും ജലാശയങ്ങളിലെയും മാലിന്യങ്ങളും മണലും നീക്കം ചെയ്ത് ആഴം കൂട്ടാനുള്ള പ്രവർത്തനങ്ങളും സംസ്ഥാന ദുരന്ത നിവാരണ വകുപ്പുമായി ചേർന്ന് പുരോഗമിക്കുകയാണെന്നും മന്ത്രി മോൻസ് ജോസഫ് വിശദമാക്കി.

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ജലവിഭവ മന്ത്രിയായിരുന്ന റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്ത നാരങ്ങാനം പഞ്ചായത്തിലെ അന്ത്യാളൻ കാവിലെ ഭൂമി കൈമാറ്റം വലിയ തട്ടിപ്പെന്ന് സംശയിക്കുന്നതായി ജലവിഭവ മന്ത്രി മോൻസ് ജോസഫ്. കൊട്ടിഘോഷിച്ച് ഉദ്ഘാടനം ചെയ്ത പദ്ധതിക്കു ടാങ്കും ഇല്ല, ഭൂമിയുമില്ലാത്ത അവസ്ഥയാണ്. മൂന്ന് ലക്ഷം രൂപ ജനങ്ങൾ പിരിച്ചാണ് ഒരു വ്യക്തിയിൽ നിന്ന് ഭൂമി വാങ്ങിയത്. വിഷയത്തിൽ സൂപ്രണ്ടിംഗ് എൻജിനിയറോട് അടിയന്തര അന്വേഷണത്തിന് ജലവിഭവ മന്ത്രി ഉത്തരവിട്ടു.

ആറന്മുളയിൽ ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഭൂമിതരംമാറ്റ പ്രശ്നം അടിയന്തരമായി പരിഹരിക്കാനും മന്ത്രി നിർദേശിച്ചു. മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ അബിൻ വർക്കി എംഎൽഎ യോഗത്തിൽ അവതരിപ്പിച്ചു.

പത്തനംതിട്ട നഗരസഭാ പരിധിയിൽ ഉദ്യോഗസ്ഥരുടെ അപര്യാപ്തത പരിഹരിക്കും. കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനെപ്പറ്റി പരിശോധിക്കുമെന്നും മന്ത്രി ഉറപ്പ് നൽകി.

ചെന്നീർക്കര മെഴുവേലി പഞ്ചായത്തിലെ ജൽജീവൻ പദ്ധതിക്കാവശ്യമായ പമ്പ് വാങ്ങുന്നതിന് 35 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ് തുക. അതിൽ 18.5 ലക്ഷം രൂപ അബിൻ വർക്കി എംഎൽഎയുടെ ഫണ്ടിൽ നിന്ന് അനുവദിച്ചു ബാക്കി തുക ജലവിഭവ വകുപ്പിൻറെ ഫണ്ടിൽ നിന്ന് വകയിരുത്തും.ഇതോടെ ചെന്നീർക്കര, മെഴുവേലി, കുളനട പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും. ഇലന്തൂർ മല്ലപ്പുഴശേരി പഞ്ചായത്തുകളിൽ ഒരു ബൂസ്റ്റർ പമ്പുകൂടി പദ്ധതിക്കായി അനുവദിക്കണം എന്ന ആവശ്യം യോഗത്തിൽ ഉയർന്നു.

മാരാമൺ, ചെറുകോൽപ്പുഴ കൺവെൻഷനുകൾക്ക് മുന്നോടിയായി കോഴഞ്ചേരി പഞ്ചായത്തിൽ നിലനിൽക്കുന മോട്ടോർ സംബന്ധിച്ച പ്രശ്നത്തിന് പരിഹാരം കാണും.

കോയിപ്രം പഞ്ചായത്തിൽ ജലവിതരണ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉടമയ്ക്ക് അന്ത്യശാസനം നൽകാനും അല്ലാത്ത പക്ഷം മറ്റൊരു സ്ഥലം കണ്ടെത്താനുമാണ് നിർദേശം നൽകീയിരിക്കുന്നത്.

കലാമണ്ഡലത്തിന് സർക്കാരിന്റെ പൂർണ പിന്തുണ: മന്ത്രി വിഷ്ണുനാഥ്



തൃശൂർ: ഗുരുകുല വിദ്യാഭ്യാസത്തിന്റെ മാതൃകയും ആധുനിക പാരമ്പര്യവും സമന്വയിപ്പിക്കുന്ന ഒരു കലാവിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിലാണ് മഹാകവി കലാമണ്ഡലം വിഭാവനം ചെയ്തതെന്ന് മന്ത്രി പി.സി. വിഷ്ണുനാഥ് പറഞ്ഞു.

കലാമണ്ഡലത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ എല്ലാവിധ പിന്തുണയും ഉണ്ടാകും. ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന ഡേ വിത്ത് ദ മാസ്റ്റേഴ്സ് പോലുള്ള പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകും. പഠന ഗവേഷണ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കണമെന്നും, അതുവഴി അക്കാദമിക രംഗത്ത് അന്താരാഷ്ട്രതലത്തിൽത്തന്നെ ശ്രദ്ധനേടുവാൻ സാധിക്കുമെന്നും കലാമണ്ഡലം കല്പിത സർവകലാശാലയുടെ 96ാം വാർഷികാഘോഷത്തോടനുബന്ധിച്ച് ചെറുതുരുത്തി കൂത്തമ്പലത്തിൽ നടന്ന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു.

കലാമണ്ഡലം വൈസ് ചാൻസലർ പ്രഫ. ബി. അനന്തകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ. രാധാകൃഷ്ണൻ എംപി വിശിഷ്ടാതിഥിയായി.

റിട്ടയേഡ് ജസ്റ്റിസ് കെ. സുകുമാരൻ മുഖ്യപ്രഭാഷണം നടത്തി. മെറ്റയുടെ അവാർഡിന് അർഹരായ മാരിയോ ബർസാഗി, കെ.ആർ. അഭിജിത് എന്നിവരെ അനുമോദിച്ചു. സമാപന സമ്മേളനത്തിനുശേഷം പദ്മശ്രീ നർത്തകി നടരാജനും സംഘവും അവതരിപ്പിച്ച ഭരതനാട്യവും അമൃത വെങ്കടേഷിന്റെ സംഗീതക്കച്ചേരിയും ഉത്തരാസ്വയംവരം കഥകളിയും അരങ്ങേറി. വള്ളത്തോൾ സമാധിയിൽ പുഷ്പാർച്ചന, ഡോ. മ്യൂസ് മേരി ജോർജ് നയിച്ച വള്ളത്തോൾ സത്യപ്രഭാഷണം, കവിസമ്മേളനം, പഞ്ചവാദ്യം എന്നിവയും ഉണ്ടായിരുന്നു.

സൊസൈറ്റി ടുഡേ SOCIETY TODAY

ഇന്ത്യയുടെ നിക്ഷേപ മേഖലയിൽ വൻ പ്രതീക്ഷ; സ്വകാര്യ കമ്പനികളുടെ മൂലധനച്ചെലവ് ഉയരുമെന്ന് റിപ്പോർട്ട്



ന്യൂദൽഹി: ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ നിക്ഷേപ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ശക്തമാകുന്നു. വായ്പാ വളർച്ചയിലെ വേഗവും കമ്പനികളുടെ വരുമാനത്തിലുണ്ടാകുന്ന വർധനയും സ്വകാര്യ മേഖലയിലെ മൂലധന ചെലവ് ഉയരുന്നതിന്റെ സൂചനകളാണെന്ന് റിപ്പോർട്ട്.

ആഗോളതലത്തിൽ ഊർജവില കുറയാൻ സാധ്യതയുള്ളതും കമ്പനികളുടെ ലാഭവിഹിതത്തിന് ആശ്വാസമാകുമെന്നാണ് വിലയിരുത്തൽ.

നവംബർ 6ന് പുറത്തിറക്കിയ റിപ്പോർട്ടിലാണ് സാമ്പത്തിക വളർച്ചയെക്കുറിച്ച് ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചത്. ഉയർന്ന ഊർജവിലയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മൂലം സേവന കയറ്റുമതി മേഖലയിലുണ്ടാകാവുന്ന ആഘാതവും സംബന്ധിച്ച ആശങ്കകൾ പുനഃപരിശോധിക്കേണ്ട സമയമാണിതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

2026 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ വാണിജ്യ മേഖലയിലേക്കുള്ള ധനവിനിയോഗം ജിഡിപിയുടെ 6.6 ശതമാനമായി ഉയർന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 4.7 ശതമാനമായിരുന്നു. വൻകിട കമ്പനികളിലേക്കുള്ള വായ്പാ വളർച്ചയിൽ പ്രത്യേകിച്ചും വലിയ മുന്നേറ്റമുണ്ടായി.

അടിസ്ഥാന സൗകര്യങ്ങളിലും ഉൽപ്പാദന മേഖലയിലുമുൾപ്പെടെ വലിയ നിക്ഷേപ പദ്ധതികൾ നടപ്പാക്കുന്ന കമ്പനികൾ കൂടുതൽ വായ്പയെടുക്കുന്നത് വരാനിരിക്കുന്ന വർധനയുടെ സൂചനയായാണ് കാണുന്നത്. ചെറുകിട സ്ഥാപനങ്ങളും വായ്പയെടുക്കൽ വർധിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തെ ശരാശരി വളർച്ചാ നിരക്കിനെ മറികടന്ന് കമ്പനികളുടെ വരുമാന വളർച്ച നാമമാത്രമായും യഥാർഥമായും മുന്നേറിയിട്ടുണ്ട്. പലിശനിരക്കുകൾ ഉയർന്നുനിൽക്കുമ്പോഴും കൂടുതൽ നിക്ഷേപം നടത്താൻ കമ്പനികൾക്ക് പ്രേരണയാകുന്നതാണ് ഈ വരുമാന വർധന.

ഇന്ത്യ ഇക്കണോമിക്സ് ടീം നിരീക്ഷിക്കുന്ന നൂറോളം സാമ്പത്തിക വളർച്ചാ സൂചകങ്ങളിൽ ഏകദേശം 70 ശതമാനവും ഏറ്റവും പുതിയ പാദത്തിൽ സമ്പദ്‌വ്യവസ്ഥയുടെ വികാസമാണ് സൂചിപ്പിച്ചത്. രണ്ടാം പാദത്തിൽ ഇത് 55 ശതമാനത്തിൽ താഴെയായിരുന്നു.

ഇന്ത്യയിലെ തുടർച്ചയായ സാമ്പത്തിക വളർച്ചയും പരിഷ്കാരങ്ങളും വിദേശ നേരിട്ടുള്ള നിക്ഷേപം വീണ്ടും വർധിക്കാൻ സഹായിക്കുമെന്നാണ് റിപ്പോർട്ടിന്റെ വിലയിരുത്തൽ. ഡാറ്റാ സെന്റർ മേഖലയിലെ വൻതോതിലുള്ള നിക്ഷേപവും ഇതിന് പിന്തുണയാകും. എന്നാൽ ഡാറ്റാ സെന്ററുകൾക്കാവശ്യമായ വിലകൂടിയ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നത് താൽക്കാലികമായി ഇറക്കുമതി ചെലവ് വർധിപ്പിച്ചേക്കാം.

സേവന കയറ്റുമതിയിലെ വളർച്ച ആഗോള എണ്ണവില വർധനയുടെ ആഘാതം കുറയ്ക്കാൻ സഹായിച്ചു. ഇതോടെ കറന്റ് അക്കൗണ്ട് കമ്മി നിയന്ത്രിതമായും സ്ഥിരമായും തുടരാൻ കഴിഞ്ഞു. ആഗോള വ്യാപാര വളർച്ച ദുർബലമായിട്ടും ഇന്ത്യയുടെ ഉൽപ്പന്ന കയറ്റുമതിയിൽ അടുത്തിടെ ഉണ്ടായ മുന്നേറ്റം വിപണിവിഹിതം വർധിക്കുന്നതിന്റെ സൂചനയാണെന്നും ഒടആഇ വിലയിരുത്തുന്നു.

കോവിഡ് കാലത്തിന് മുമ്പ് ജിഡിപിയുടെ രണ്ട് ശതമാനത്തിൽ താഴെയായിരുന്ന കേന്ദ്ര സർക്കാരിന്റെ മൂലധന ചെലവ് ഇപ്പോൾ പ്രതിവർഷം മൂന്ന് ശതമാനത്തിന് മുകളിലാണ്. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഈ ചെലവ് സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ പിന്തുണയാണ്.

അതേസമയം, മഴക്കുറവും തുടർച്ചയായ ഉഷ്ണതരംഗങ്ങളും ഗ്രാമീണ ആവശ്യകതയെ ബാധിക്കുന്നുണ്ട്. പണപ്പെരുപ്പം കുടുംബങ്ങളുടെ ചെലവുഭാരം വർധിപ്പിക്കുന്നതിനൊപ്പം കമ്പനികളുടെ ലാഭവിഹിതത്തെയും സമ്മർദത്തിലാക്കുന്നു.

എഥനോൾ പെട്രോൾ വിവാദം: വിശദമായി വിലയിരുത്താൻ ഉന്നതതല യോഗം വിളിച്ച് പെട്രോളിയം മന്ത്രാലയം



ന്യൂദൽഹി: എഥനോൾ പെട്രോൾ വിവാദം വിശദമായി വിലയിരുത്താൻ കേന്ദ്രസർക്കാർ. പെട്രോളിയം മന്ത്രാലയം ഇതിനായി ഉന്നതതല യോഗം വിളിച്ചു ചേർക്കും. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ നീക്കം രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ളതാണെന്നാണ് കേന്ദ്രസർക്കാർ കുറ്റപ്പെടുത്തുന്നത്.

കർണാടക സർക്കാർ പെട്രോൾ പമ്പുകളിൽ നടത്തിയ പരിശോധനയിൽ 30 ശതമാനത്തിന് മുകളിൽ വരെ പെട്രോളിൽ എഥനോൾ കണ്ടെത്തിയ സംഭവം വലിയ ചർച്ചയായിരിക്കുകയാണ്. പിന്നാലെ കേരളത്തിലും തെലങ്കാന ഹിമാചൽ എന്നീ സംസ്ഥാനങ്ങളിലും പരിശോധനക്ക് നിർദേശം നൽകിയതിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടെന്ന് തന്നെയാണ് കേന്ദ്രസർക്കാർ വിലയിരുത്തൽ.

പുതിയ വിവാദത്തിലൂടെ സമരത്തിന് കാരണം കണ്ടെത്തുകയാണ് കോൺഗ്രസ് എന്നാണ് ഉന്നത വൃത്തങ്ങൾ പറയുന്നത്. ദീപാവലി അവധി കഴിഞ്ഞതോടെ പെട്രോളിയം മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ യോഗം ചേർന്ന് സാഹചര്യം വിലയിരുത്തും.

കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയും സ്ഥിതി നിരീക്ഷിക്കുന്നുണ്ട്. നേരത്തെ ഇ20 പെട്രോളിനെതിരെ വിമർശനം കടുത്തതിന് പിന്നാലെ പ്രധാന വാഹന നിർമ്മാതാക്കളെ അടക്കം അണിനിരത്തി മന്ത്രാലയം വാർത്താ സമ്മേളനം നടത്തിയിരുന്നു.

കർണാടകയിലെ പരിശോധന ഫലം തള്ളിക്കൊണ്ട് എണ്ണ കമ്പനികളുടെ സംയുക്ത പ്രസ്താവനയാണ് കഴിഞ്ഞ ദിവസം പുറത്തിറങ്ങിയത്. ഉന്നത ഉദ്യോഗസ്ഥരും വിദഗ്ധരും ഒരുമിച്ച് വിശദമായ പ്രതികരണം നൽകുന്നതും ആലോചനയിലുണ്ട്.

നേരത്തെ കർണാടകയിലെ പെട്രോൾ പമ്പുകളിലടക്കം നടത്തിയ പരിശോധനയിൽ 21 ശതമാനം വരെ മാത്രമാണ് എഥനോൾ ബ്ലെൻഡിംഗ് എന്നാണ് കണ്ടെത്തിയത് എന്നും കേന്ദ്രം ചൂണ്ടിക്കാട്ടുന്നു

റിസ്റ്റോ പുതിയ ലോഗോ പ്രകാശനം ചെയ്തു

കൊച്ചി: പുനരുപയോഗ ഊർജമേഖലയിൽ ശ്രദ്ധേയരായ റിസ്റ്റോ ഇലക്ട്രിക് വാഹന ചാർജിംഗ് രംഗത്തേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നു. സംസ്ഥാനത്തുടനീളം 100 ഇവി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണു കമ്പനി ലക്ഷ്യമിടുന്നത്.

റിസ്റ്റോ ഇവിയുടെ ഔദ്യോഗിക പ്രഖ്യാപനവും കമ്പനിയുടെ പുതിയ ലോഗോ പ്രകാശനവും പൊതുവിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ മന്ത്രി ഷംസുദ്ദീൻ, ഹാരിസ് ബീരാൻ എം.പി. എന്നിവർ ചേർന്ന് നിർവഹിച്ചു.

റിസ്റ്റോ മാനേജിംഗ് ഡയറക്ടർ കെ.ടി. ഇബ്നുൽ വഫാ, ഡയറക്ടറും സിഇഒയുമായ അസ്‌ലം അൽ ലബീബ്, ഡയറക്ടറും സിഒഒയുമായ സതീശൻ കക്കാട് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

വൺ പോയിൻറ് വണ്ണിന് 174.96 കോടി വരുമാനം

കൊച്ചി: ആഗോള എഐ കേന്ദ്രീകൃത കസ്റ്റമർ എക്സ്പീരിയൻസ് സേവനദാതാക്കളായ വൺ പോയിന്റ് വൺ സൊല്യൂഷൻസ് ലിമിറ്റഡ് രണ്ടാംപാദത്തിൽ മികച്ച സാമ്പത്തികനേട്ടം കൈവരിച്ചു.

കമ്പനിയുടെ പ്രവർത്തനവരുമാനം 174.96 കോടി രൂപയിലെത്തി. മുൻപാദത്തെ അപേക്ഷിച്ച് 10.5 ശതമാനം വളർച്ചയാണിത്.

പാദത്തിലെ അറ്റാദായം 87 ശതമാനം വർധിച്ച് 18.41 കോടി രൂപയായി. ഇതോടെ സാമ്പത്തികവർഷത്തിന്റെ ആദ്യപകുതിയിലെ മൊത്തം വരുമാനം 138 ശതമാനം വർധനവോടെ 333.28 കോടിയും അറ്റാദായം 80 ശതമാനം വർധിച്ച് 34.72 കോടി രൂപയുമായി.

അന്താരാഷ്ട്ര കരാറുകളും എഐ സാങ്കേതികവിദ്യയിലെ മുന്നേറ്റവുമാണ് കമ്പനിക്കു മികച്ച വളർച്ച സാധ്യമാക്കിയതെന്ന് അധികൃതർ പറഞ്ഞു.

ടാട്ടർസ്ഥാൻ, കേരളം നിക്ഷേപ സഹകരണത്തിന് വഴിയൊരുങ്ങി

കൊച്ചി: റഷ്യയിലെ സമ്പന്നമായ വ്യവസായസാങ്കേതിക മേഖലയായ ടാട്ടർസ്ഥാനും കേരളവുമായി വ്യാപാര, വ്യവസായ, നിക്ഷേപ സഹകരണത്തിന് വഴിതുറക്കുന്നു.

ഇതിന്റെ ഭാഗമായി ടാട്ടർസ്ഥാൻ സർക്കാരിന്റെ ക്ഷണപ്രകാരം ഇൻറർനാഷണൽ ട്രേഡ് ആൻഡ് ഡെലിഗേഷൻ ഫെഡറേഷൻ ഓഫ് ചേംബേഴ്സ് (ഐടിഡിഎഫ്സി) ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ബെൻസി ജോർജിന്റെ നേതൃത്വത്തിലുള്ള പത്തംഗ ഇന്ത്യൻ പ്രതിനിധി സംഘം റഷ്യയിൽ നടന്ന രണ്ടാമത് റഷ്യൻഇന്ത്യൻ ബിസിനസ് ഫോറത്തിൽ (ടൈം 2026) പങ്കെടുത്തു.

കേരളവുമായി വിവിധ മേഖലകളിൽ സഹകരണം വ്യാപിപ്പിക്കാൻ താത്പര്യം പ്രകടിപ്പിച്ച ടാട്ടർസ്ഥാൻ സർക്കാർ പ്രതിനിധികൾ അടുത്തവർഷം കേരളം സന്ദർശിക്കാനും തീരുമാനിച്ചിട്ടുണ്ട്.

റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിന്റെ ഇന്ത്യാ സന്ദർശനത്തോടനുബന്ധിച്ച് ഉന്നതതല നയതന്ത്രവ്യാപാര ഇടപെടലുകളിൽ പങ്കാളിയായിട്ടുള്ള ഐടിഡിഎഫ്സിയുടെ പ്രവർത്തനപരിചയവും സാമ്പത്തിക നയതന്ത്ര മേഖലയിലെ ഇടപെടലുകളുമാണ് സംഘടനയ്ക്ക് ടാട്ടർസ്ഥാൻ സർക്കാരിന്റെ ക്ഷണം ലഭിക്കാൻ കാരണമായതെന്ന് ബെൻസി ജോർജ് പറഞ്ഞു.

ജനസംഖ്യ താരതമ്യേന കുറവാണെങ്കിലും പ്രകൃതിവിഭവങ്ങൾ, വ്യവസായം, നൂതന സാങ്കേതികവിദ്യ എന്നിവയിൽ മികച്ച ശേഷിയുള്ള മേഖലയാണു ടാട്ടർസ്ഥാൻ.

സൊസൈറ്റി ടുഡേ
SOCIETY TODAY



കോക്പിറ്റ് 2027: ആഗോളവ്യോമയാന ജിസിസി ഉച്ചകോടി; ലോഗോയും വെബ്സൈറ്റും വ്യവസായമന്ത്രി പുറത്തിറക്കി

കൊച്ചി: ആഗോള രംഗത്തെ മുൻനിര വിമാനക്കമ്പനികളുടെ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളെ (ജിസിസി) ആകർഷിക്കുന്നതിനായി ഇൻഫോപാർക്ക് സംഘടിപ്പിക്കുന്ന 'കോക്പിറ്റ് 2027: ഗ്ലോബൽ ഏവിയേഷൻ ജിസിസി ലീഡർഷിപ്പ് ഉച്ചകോടി'യുടെ ലോഗോയും വെബ്സൈറ്റും പുറത്തിറക്കി. കൊച്ചി ലെമെറിഡിയനിൽ നടന്ന ചടങ്ങിൽ വ്യവസായഐടിഎ ഐ ആൻഡ് ഫ്യൂച്ചർ ടെക്നോളജീസ് വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടിയാണ് പ്രകാശന കർമ്മം നിർവഹിച്ചത്. 2027 ജനുവരി 28, 29 തീയതികളിൽ കൊച്ചി ബോൾഗാട്ടി ഗ്രാന്റ് ഹയാത്തിലാണ് ഉച്ചകോടി നടക്കുക. ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ സന്നിഹിതനായിരുന്നു.

ക്ഷണിക്കപ്പെട്ട പ്രതിനിധികൾക്കായി നടത്തുന്ന ഉച്ചകോടിയിൽ ഗൾഫ് രാജ്യങ്ങൾ, ഇന്ത്യ/ഏഷ്യാ പസഫിക്, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലെ 25ലധികം പ്രമുഖ വിമാനക്കമ്പനികളിൽ നിന്നുള്ള സിഇഒമാർ, സിഐഒമാർ, സിടിഒമാർ, സിഡിഒമാർ, ഗ്ലോബൽ ഡെലിവറി മേധാവികൾ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരെ പ്രതീക്ഷിക്കുന്നു. വിമാനക്കമ്പനികളുടെ വരുംതലമുറ നിർമ്മിത ബുദ്ധി (എഐ), ഡാറ്റ, പ്രൊഡക്റ്റ് മാനേജ്മെന്റ്, ഡിജിറ്റൽ ഹബ്ബുകൾ സ്ഥാപിക്കാൻ കൊച്ചി തികച്ചും അനുയോജ്യമാണെന്ന് ആഗോള തലത്തിൽ അവതരിപ്പിക്കുകയാണ് ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം.

വൻകിട മെട്രോ നഗരങ്ങളിൽ നിന്ന് ഉയർന്ന വളർച്ചാസാധ്യതയുള്ള കൊച്ചി പോലുള്ള ടിയർ 2 നഗരങ്ങളിലേക്ക് കമ്പനികൾ മാറുന്ന പശ്ചാത്തലത്തിൽ, 2031ഓടെ സംസ്ഥാനത്ത് 150 ജിസിസികൾ സ്ഥാപിക്കുകയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

കൊച്ചിയുടെ മികച്ച എയർ കണക്റ്റിവിറ്റിയും സിയാൽ എയറോസിറ്റി, എംആർഒ സംവിധാനങ്ങൾ എന്നിവയ്ക്ക് പുറമെ, എയർ ഇന്ത്യ, ഐബിഎസ് സോഫ്റ്റ്വെയർ, വെർട്ടെയിൽ തുടങ്ങിയ പ്രമുഖ ഏവിയേഷൻ ടെക്നോളജി കമ്പനികളുടെ സാന്നിധ്യവും കൊച്ചിയുടെ മുതൽക്കൂട്ടാണ്.

വിമാനക്കമ്പനികൾക്ക് വരുമാനം വർധിപ്പിക്കുന്ന തന്ത്രപ്രധാന സാങ്കേതിക കേന്ദ്രങ്ങളായി ജിസിസികളെ മാറ്റുകയെന്നതിനോടൊപ്പം ഫ്ലൈറ്റ് ഓപ്പറേഷൻസ്, മെയിന്റനൻസ്, പേഴ്സണലൈസ്ഡ് റീട്ടെയിലിങ്, കണക്റ്റഡ് ക്യാബിനുകൾ എന്നിവയിലെ എഐ വിനിയോഗം തുടങ്ങിയവ ഉച്ചകോടി ചർച്ച ചെയ്യും.

സംസ്ഥാന സർക്കാരിന്റെ പൂർണ്ണ പങ്കാളിത്തത്തോടും പിന്തുണയോടും കൂടിയാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. ഉച്ചകോടിയിൽ ചർച്ചകൾക്ക് പുറമെ കേരളത്തിന്റെ തനത് പ്രകൃതിഭംഗി ആസ്വദിക്കാൻ ഹൗസ്ബോട്ട് നെറ്റ്വർക്കിങ് യാത്രകളും സാംസ്കാരിക വിരുന്നുകളും അതിഥികൾക്കായി സംഘടിപ്പിക്കുന്നുണ്ട്.

ഡോ. ജോസഫ് സണ്ണിക്ക് ഒക്യുപേഷണൽ തെറാപ്പിസ്റ്റ് പ്രൊഫഷണൽ എക്സലൻസ് അവാർഡ്

കൊച്ചി: കേരളാ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ (കോട്ട) നൽകുന്ന 2026ലെ പ്രൊഫഷണൽ എക്സലൻസ് അവാർഡ് നേട്ടത്തിൽ ഡോ. ജോസഫ് സണ്ണി. ഒക്യുപേഷണൽ തെറാപ്പി രംഗത്തെ മാതൃകാപരമായ സേവനങ്ങൾക്കും സംഭാവനകൾക്കുമുള്ള അംഗീകാരമായിട്ടാണ് പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ് സ്ഥാപകനും ചെയർമാനുമായ ഡോ. ജോസഫ് സണ്ണി പുരസ്കാരത്തിന് അർഹനായത്. തിരുവനന്തപുരത്ത് 'കോട്ട' സംഘടിപ്പിച്ച ലോക ഒക്യുപേഷണൽ തെറാപ്പി ദിനാചരണത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ ആരോഗ്യ മന്ത്രി കെ. മുരളീധരനിൽനിന്ന് അദ്ദേഹം പുരസ്കാരം ഏറ്റുവാങ്ങി. എസ്.ആർ.എം. മെഡിക്കൽ കോളേജിൽ നിന്ന് ഒക്യുപേഷണൽ തെറാപ്പിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയ ഡോ. ജോസഫ് സണ്ണി, തുടർന്ന് ജയ്പൂർ എം.വി.ജി. സർവകലാശാലയിൽ നിന്ന് കുട്ടികളിലെ ഓട്ടിസം സ്ക്രീനിംഗിൽ പിഎച്ച്ഡിയും നേടിയിട്ടുണ്ട്. കേരളത്തിൽ ഒക്യുപേഷണൽ തെറാപ്പി പഠന കോഴ്സുകൾ കൊണ്ടുവരുന്നതിൽ നിർണായക പങ്ക് വഹിച്ച അദ്ദേഹം, തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അഞ്ച് വർഷത്തോളം ഒക്യുപേഷണൽ തെറാപ്പിസ്റ്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



ഭിന്നശേഷിക്കാരായ കുട്ടികൾക്കും വിവിധ ആരോഗ്യ പ്രയാസങ്ങൾ നേരിടുന്നവർക്കും കൈത്താങ്ങായി ഒക്യുപേഷണൽ തെറാപ്പി രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ചവെക്കുന്നത്. ആതുരശുശ്രൂഷാ രംഗത്ത് രോഗമുക്തിക്കൊപ്പം വ്യക്തികളുടെ സ്വതന്ത്ര ജീവിതവും ഉറപ്പാക്കുന്നതിൽ തെറാപ്പിസ്റ്റുകളുടെ സേവനം അത്യന്താപേക്ഷിതമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി കെ. മുരളീധരൻ അഭിപ്രായപ്പെട്ടു. കേരളാ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ ഫൗണ്ടർ ഡോ. മേരി ഫിലിപ്, സെക്രട്ടറി ഡോ. സി. സ്മൃതി ജോസ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



എൻഎസ്ഇക്ക് പുതിയ ആസ്ഥാനമന്ദിരം

മുംബൈ: നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിന് (എൻഎസ്ഇ) പുതിയ ആസ്ഥാന മന്ദിരം വരുന്നു.

രാജ്യത്തിന്റെ പ്രധാന സാന്പത്തിക കേന്ദ്രമായ മുംബൈയിലെ ബാന്ദ്ര കുർള കോംപ്ലക്സിൽ നിർമിക്കുന്ന കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡിസൈൻ പുറത്തുവിട്ടു. ഡിസൈൻ പ്രമുഖ ആർക്കിടെക്ട് ഹഫീസ് കോൺട്രാക്ടറാണ് തയാറാക്കിയത്.

നിർദിഷ്ട ആസ്ഥാന മന്ദിരം ബാന്ദ്ര കുർള കോംപ്ലക്സിലെ ജി ബ്ലോക്കിൽ സി81, സി82 പ്ലോട്ടുകളിലായാണ് നിർമിക്കുന്നത്. ഏകദേശം 10,995 ചതുരശ്ര മീറ്ററാണ് ഭൂമിയുടെ വിസ്തീർണം. മുംബൈ മെട്രോപൊളിറ്റൻ റീജിയൻ ഡെവലപ്മെൻറ് അതോറിറ്റി (എംഎംആർഡിഎ) 80 വർഷത്തെ പാട്ടത്തിനാണ് ഭൂമി അനുവദിച്ചിരിക്കുന്നത്.

1,684.31 കോടി പാട്ടത്തുക നൽകി 2.7 ഏക്കർ ഭൂമിയാണ് എൻഎസ്ഇ സ്വന്തമാക്കിയത്.



മുത്തൂറ്റ് എംക്രെഡിന് പുരസ്കാരം

കൊച്ചി: പ്രോഫിറ്റ് ടസ്കർ സമ്മിറ്റ് ബ്രാൻഡ് കേരളം കോൺക്ലേവ് 2026ൽ മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡിന് ഇരട്ട പുരസ്കാരം.

കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് മോസ്റ്റ് പ്രോമിസിംഗ് എന്റർപ്രണർ അവാർഡും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി. ഇ. മത്തായി ലൈഫ് ടൈം അച്ചീവ്മെൻറ് ഇൻ കരിയർ എക്സലൻസ് അവാർഡും ഏറ്റുവാങ്ങി.

മുഖ്യമന്ത്രി വി. ഡി. സതീശനാണ് ഇരുവർക്കും പുരസ്കാരങ്ങൾ വിതരണം ചെയ്തത്. അവാർഡ് ലഭിച്ചതിൽ സന്തോഷമുണ്ടെന്ന് മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു.

എൽജി ഇലക്ട്രോണിക്സിന് മികച്ച വളർച്ച

കൊച്ചി: സെപ്റ്റംബറിൽ അവസാനിച്ച സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലും എൽജി ഇലക്ട്രോണിക്സിന് മികച്ച വളർച്ച.

ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തതിനു ശേഷമുള്ള ഏറ്റവും ഉയർന്ന വളർച്ചയാണ് ഈ കാലയളവിൽ രേഖപ്പെടുത്തിയത്.

പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം 19.5 ശതമാനം വർധിച്ച് 73.80 ബില്യൺ രൂപയിലെത്തി.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com